മാർഗ്ഗരേഖ വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം എല്ലാ സ്കൂളുകളിലും എത്തിച്ചിട്ടുണ്ട്. "എന്റെ നന്മ" പദ്ധതിയുടെ ഭാഗമായി പരിശീലന സഹായികൾ, ലഘുലേഖകൾ, പോസ്റ്ററുകൾ, റേഡിയോ പരസ്യങ്ങൾ, റേഡിയോ പരിപാടികൾ തുടങ്ങി ബോധവത്ക്കരണ പരിപാടികളും നടപ്പിലാക്കിവരികയാണ്.

(സി) കുട്ടികൾ കൂടുതലായി ഉപയോഗിച്ചു കാണുന്ന പാൻമസാലയുടെ വിപണനം നിരോധിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ പല സാങ്കേതിക കാരണങ്ങളാൽ ഫലപ്രദമായിട്ടില്ല. മായം ചേർക്കൽ നിരോധന നിയമപ്രകാരം പാൻമസാലയും. സിഗരറ്റ് ആന്റ് അദർ റ്റുബാക്കോ പ്രോഡക്സ് ആക്ട് 2003 പ്രകാരം പുകയില അടങ്ങിയ ഏത് ഉൽപന്നങ്ങളും വിൽപ്പന നടത്താവുന്ന വസ്തുക്കളാണെങ്കിലും 18 വയസ്സിൽ താഴെയുള്ളവർക്ക് ഇത് വിൽക്കാൻ പാടില്ലാത്തതാണ്. സമ്പൂർണ്ണ പുകയില ഉൽപ്പന്നങ്ങളുടെ നിരോധനത്തിന് സംസ്ഥാന സർക്കാരിന് അധികാരമില്ലാത്തതിനാൽ വിപണനം തടയുന്നതിനുള്ള നടപടികൾക്ക് നിയമപരമായ പരിമിതികളുണ്ട്.

മരുന്ന് കുത്തിവച്ചതുമൂലം മരണം സംഭവിച്ച രോഗികൾ

18 [*83] ശ്രീ. പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2006 കാലഘട്ടത്തിൽ ഏതെങ്കിലും മരുന്ന് കുത്തിവച്ച് രോഗികൾ മരിച്ചതായോ ഗുരുതരമായ അസുഖം ബാധിച്ചതായോ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ കമ്പനികളുടെ മരുന്ന് കുത്തിവച്ചാണ് രോഗികൾ മരിച്ചതെന്നും ഗുരുതരാവസ്ഥയിൽ ആയതെന്നും വിശദമാക്കാമോ ;

(സി) ഇങ്ങനെ കുത്തിവയ്പ് നടത്തി രോഗി തൽക്ഷണം മരിച്ചിട്ടുണ്ടെങ്കിൽ മരുന്ന് കമ്പനിക്ക് എതിരെ കൊലക്കുറ്റത്തിന് കേസ്സ് എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ഡി) ഇങ്ങനെയുള്ള കമ്പനികളുടെ മരുന്ന് വിൽപ്പന കേരളത്തിൽ നിരോധിച്ചിട്ടുണ്ടോ ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) മരുന്ന് കുത്തിവച്ചതുമൂലം ആരുംതന്നെ മരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ ഒരു കുട്ടിക്ക് 24-10-2003-ൽ മരുന്ന് കുത്തിവച്ചതിനെ തുടർന്ന് കൈയിലെ വിരലുകൾ നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ മാതൃ-ശിശു സംരക്ഷണ കേന്ദ്രത്തിൽ മരുന്ന് കുത്തിവച്ചതുമൂലം റിയാക്ഷൻ ഉണ്ടായതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മോഡേൺ ലബോറട്ടറി എന്ന കമ്പനിയുടെ ക്ലോക്സാസിലിൻ എന്ന മരുന്നാണ് കുത്തിവച്ചത്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലബോറേറ്റ് എന്ന കമ്പനിയുടെ സെഫ്റ്റാസിഡിൻ എന്ന മരുന്ന് ഉപയോഗിച്ചതാണ് കാരണം എന്ന് സംശയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കുത്തിവയ്പ് നടത്തി ആരുംതന്നെ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ഡി) ഇല്ല.

സ്വകാര്യ വാഹന ഉടമകൾ നൽകുന്ന ജി. ഫാറം

19 [*84] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "Contract Carriage" പോലുള്ള വാഹനങ്ങളുടെ ഉടമസ്ഥർ "G Form"-ൽ വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തുന്നത് കൊണ്ട് സർക്കാരിന് വാഹന നികുതി ഇനത്തിൽ നഷ്ടം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ "G Form"-ൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തുന്ന വാഹന ഉടമകളിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള പിഴ ഈടാക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ പിഴ ഈടാക്കുന്ന കാര്യം പരിഗണിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) :

(എ) "ജി" ഫോമിൽ തെറ്റായി വിവരങ്ങൾ രേഖപ്പെടുത്തിയാൽ അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വെഹിക്കിൾ ഇൻസ്പെക്ടർ പരിശോധിക്കുമ്പോൾ തെറ്റാണെന്ന് കണ്ടാൽ, പ്രസ്തുത വാഹനത്തിന്റെ നികുതി ഗ്രേസ് പീരിഡ് കഴിഞ്ഞാൽ അഡീഷണൽ നികുതി സഹിതം ഈടാക്കാറുള്ളതിനാൽ സർക്കാരിന് ആ ഇനത്തിൽ നഷ്ടം ഉണ്ടാകാറില്ല.

(ബി) ഇത്തരത്തിൽ പിഴ ഈടാക്കുന്നതിന് ഇപ്പോൾ വ്യവസ്ഥയില്ല.

(സി) പരിഗണിക്കാവുന്നതാണ്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

2005-2006-ലെ റവന്യു വരുമാനം

1. [458] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-06 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന മൊത്തം റവന്യു വരുമാനം എത്രയായിരുന്നു ;

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിലെ യഥാർത്ഥ വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) റവന്യു വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly